ഉത്തരം

(എ&ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13, 14 എന്നിവയിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. നഗരസഭകളിൽ പലപ്പോഴും ഈ സമയപരിധി പാലിക്കാത്തതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കാലതാമസം ഒഴിവാക്കി, നിശ്ചിത സമയപരിധിക്കുള്ളിൽ കുറ്റമറ്റരീതിയിൽ നിർമ്മാണാനുമതി നൽകുന്നതിലേക്കായി 27-6-2010-ൽ 38587/ആർ.എ.1/2009/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ ഓരോ ഉദ്യോഗസ്ഥനും അപേക്ഷ പരിശോധിച്ച് തീരുമാനം എടുക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചുകൊണ്ട് 15.09.2010-ൽ 71395/ആർ.എ.2/2009/തസ്വഭവ നമ്പരായി ഒരു സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണാനുമതി നൽകുന്നതിലെ കാലതാമസം അഴിമതി എന്നിവ ഒഴിവാക്കുന്നതിനായി തിരുവനന്തപുരം നഗരസഭയിൽ ഇതിനോടകം തന്നെ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് വ്യാപിപ്പിക്കാനും ഉദ്ദേശമുണ്ട്.

എല്ലാ പഞ്ചായത്തുകളിലും കെട്ടിടനിർമ്മാണ ചട്ടങ്ങൾ ബാധകമാക്കി ഉത്തരവ്

165 (1923) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കെട്ടിടനിർമ്മാണ ചട്ടങ്ങൾ ബാധകമാക്കി ഉത്തരവിറക്കിയിരുന്നോ ; എങ്കിൽ എന്നാണ് ഉത്തരവ് ഇറക്കിയത് ; ഇത് എന്നുമുതൽ പ്രാബല്യത്തിൽ വന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം പ്രാബല്യത്തിൽ വന്ന നിയമം ജനങ്ങൾക്ക് ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടുണ്ടാക്കിയിരുന്നോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും 6-6-2007-ലെ ജി.ഒ(എംഎസ്.) നമ്പർ 150/07/തസ്വഭവ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 6-6-2007 മുതൽ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

(ബി) പഞ്ചായത്തുകളിൽ സാധാരണ റോഡുകൾക്ക് വീതി കുറവായതിനാൽ വിലയേറിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായും നിലം നികത്തി പറമ്പുകളിൽ നിർമ്മാണാനുമതി ലഭിക്കുന്നതിന് തടസ്സം നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെർമിറ്റുകൾ ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായും പരാതി ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly